പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1353 02.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം

ചോദ്യം

ശ്രീ. കെ.എസ്.ശബരീനാഥൻ

ഉത്തരം

തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതൊക്കെ മാസങ്ങളിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവിതരണം മുടങ്ങി; | (എ) | വിതരണത്തിന് കാലതാമസം നേരിട്ടിട്ടുണ്ടെങ്കിലും ശമ്പളവിതരണം മുടങ്ങിയിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിന് പ്രതിമാസം എത്ര കോടി രൂപ വേണം; നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ശരാശരി മാസ വരുമാനം എത്രയാണ്; | (ബി) | ശമ്പള വിതരണത്തിനായി പ്രതിമാസം 86.50 കോടി രൂപ ആവശ്യമാണ്. ശരാശരി 172 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരുമാനം. |
| (സി) | 2016 ജൂൺ മുതൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ഏതൊക്കെ മാസങ്ങളിൽ മുടങ്ങി; നിലവിൽ എത്രമാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്; | (സി) | 2016 നവംബർ മാസം മുതൽ 2017 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ വിതരണം ഭാഗികമായും പൂർണ്ണമായും മുടങ്ങിയിട്ടുണ്ട്. നിലവിൽ 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പെൻഷൻ വിതരണം കുടിശ്ശികയുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന ജീവനക്കാരുടെ ആവശ്യത്തിന്മേലുള്ള നിലപാട് എന്താണ് എന്നറിയിക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ പെൻഷൻ ബാധ്യതയുടെ പകുതി തുക സർക്കാർ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ